യും പേരുപറഞ്ഞു സഹോദരന്റെ പുറത്തു സഹോദരൻ കഠാരി കുത്തിയിറക്കുകയെന്നതു് ഇന്ത്യയിൽ ഇന്നു് അപൂർവമായ ഒരു സംഭവമല്ല. ഈ ദുഃസ്ഥിതി സാർവത്രികമായിത്തീരാതിരിക്കട്ടെ!

17 മെയ്, 1985

# 38. ഇന്ത്യക്കാർ മറുനാടുകളിൽ

തുടക്കത്തിൽത്തന്നെ വായന നിർത്തിവെച്ചു് ഒന്നാലോചിക്കുക: നിങ്ങളുടെ ഏതെങ്കിലും കുടുംബാംഗമോ സുഹൃത്തോ പരിചിതനോ ഇന്ത്യ വിട്ടു് മറുനാട്ടിൽ പാർക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, അയാളുടെ വിദേശവാസംമൂലം അയാൾക്കോ അയാളുടെ കുടുംബാംഗങ്ങൾക്കോ രാജ്യത്തിനോ എന്തു വിശേഷമുണ്ടായി?

ഇന്ത്യക്കാർ പൊതുവെ വിദേശവാസത്തിൽ വിമുഖരായിരുന്നു. അശോകചക്രവർത്തിയുടെ കാലത്തു് ശ്രീലങ്കയിലേക്കും ചോളചക്രവർത്തിമാരുടെകാലത്തു് ദക്ഷിണപൂർവേഷ്യയിലേക്കും ഇന്ത്യയിൽനിന്നു് വലിയതോതിൽ കുടിയേററമുണ്ടായെങ്കിലും, യൂറോപ്യന്മാർ ഏഷ്യയിലേക്കു് എത്തിനോക്കാൻ തുടങ്ങിയ കാലമായപ്പോഴേക്കും ഇന്ത്യക്കാർക്കു് സമുദ്രം, കടന്നുകൂടാത്ത 'കാലാപാനി' ആയിക്കഴിഞ്ഞിരുന്നു. താരതമ്യേന ഒഴിഞ്ഞുകിടന്നിരുന്ന വടക്കേഅമേരിക്കയിലേക്കും ആസ്ട്രേലിയയിലേക്കും യൂറോപ്പിൽനിന്നു് ബഹുജനാടിസ്ഥാനത്തിൽ കുടിയേററം ഉണ്ടായപ്പോൾ ആ മഹാപ്രസ്ഥാനത്തിന്റെ പിന്നണിയിലെങ്കിലും സ്ഥാനംപിടിക്കുവാൻ നമ്മുടെ കാരണവന്മാർക്കു കഴിയാതെപോയി.

ഇന്ത്യ തികച്ചുമൊരു ബ്രിട്ടീഷ്കോളനി ആയിക്കഴിഞ്ഞശേഷം, പതിനെട്ടാം നൂററാണ്ടിലാണു് പിന്നീടു് ഇന്ത്യയിൽനിന്നു്, ചെറിയതോതിലെങ്കിലും, വെളിയിലേക്കു കുടിയേററം ആരംഭിച്ചതു്. ബ്രിട്ടീഷിന്ത്യയുടെ ഭാഗമായി കണക്കാക്കപ്പെട്ടിരുന്ന ശ്രീലങ്ക, മലയ, ബർമ്മ എന്നീ രാജ്യങ്ങളിലേക്കു പോകുവാൻ അന്നു് പാസ്പോർട്ടോ വിസയോ ഒന്നും ഇന്ത്യക്കാർക്കു് ആവശ്യമുണ്ടായിരുന്നില്ല. ഈ രാജ്യങ്ങളിൽ തൊഴിൽസാദ്ധ്യതയും ധാരാളമുണ്ടായിരുന്നു. എങ്കിലും അങ്ങോട്ടുപോയവർ വളരെ കുറവായിരുന്നു. 1833–34 വർഷങ്ങളിൽ ബ്രിട്ടീഷ്കോളനികളിൽ അടിമത്തം നിയമംമൂലം നിരോധിക്കപ്പെട്ടപ്പോൾ, അവിടങ്ങളിലെ തോട്ടങ്ങളിൽ പണിയെടുക്കുന്നതിനു തൊഴിലാളികളെ ഇന്ത്യയിൽനിന്നു കൊണ്ടുപോയിത്തുടങ്ങി. മൂന്നുമുതൽ അഞ്ചുവരെ വർഷം നിശ്ചിതശമ്പളത്തിനു ജോലിചെയ്തുകൊള്ളാമെന്ന എഗ്രിമെൻറിൽ(ഇന്ത്യക്കാർ ഈ വ്യവസ്ഥയെ 'ഗിർമിററ്' എന്നു വിളിച്ചുവന്നു)കൊണ്ടുപോയ, അടിമകളല്ലെങ്കിലും അടിമകൾക്കു തുല്യരായിരുന്ന, ഈ ഇന്ത്യൻതൊഴിലാളികളുടെ സന്തതിപരമ്പരകളെ ഫിജി, വെസ്റ്റ് ഇൻഡീസ്, മൊറീഷ്യസ് തുടങ്ങിയ ദ്വീപുകളിലും, കിഴക്കെ ആഫ്രിക്കയിലെ ഉഗാണ്ട, ടാംഗനിക്ക മുതലായ പ്രദേശങ്ങളിലും ധാരാളമായി ഇന്നും കാണാം. ഫിജിയിലെ ജനസംഖ്യയിൽ അമ്പതുശതമാനവും, ഗയാനയിലെ ജനസംഖ്യയിൽ അമ്പത്തൊന്നുശതമാനവും, മോറീഷ്യസ്സിലെ ജനസംഖ്യയിൽ അറുപത്തൊമ്പതു ശതമാനവും, സുരീനാമിലെ ജനസംഖ്യയിൽ മുപ്പത്തേഴ ശതമാനവും, ട്രിനിഡാഡിലെ ജനസംഖ്യയിൽ മുപ്പത്തൊമ്പതു ശതമാനവും ഇവരത്രേ. ദക്ഷിണാഫ്രിക്കയിലെ 'ഗിർമിററ്' തൊഴിലാളികൾക്കു് മനുഷ്യാവകാശങ്ങൾ നേടിക്കൊടുക്കുന്നതിനുവേണ്ടി

നടത്തിയ സമരത്തിലൂടെയാണ് മോഹൻദാസ് ഗാന്ധി എന്ന യുവ ബാരിസ്റ്റർ മഹാത്മാഗാന്ധി എന്ന നേതാവായി വളർന്നത്. എഗ്രിമെൻറ് സമ്പ്രദായം, ഇന്ത്യക്കാരുടെ നിരന്തരമായ പ്രക്ഷോഭണത്തിൻ ഫലമായി ഇന്ത്യാഗവണ്മെൻറ് വേണ്ടെന്നുവച്ചപ്പോൾ പകരം 'കങ്കാണി'സമ്പ്രദായം നിലവിൽ വന്നു. മുൻകൂറായി അല്പം പണംകൊടുത്ത് ഇന്ത്യയിലെ, പ്രത്യേകിച്ച് ദക്ഷിണേന്ത്യയിലെ, യുവാക്കളെ ശ്രീലങ്കയിലെയും മലയയിലെയും തേയിലത്തോട്ടങ്ങളിലും റബ്ബർത്തോട്ടങ്ങളിലും പണിക്കു കൊണ്ടുപോകുന്ന ഈ സമ്പ്രദായത്തിനെതിരായും ഇന്ത്യയിൽ ഏറെ പ്രക്ഷോഭണങ്ങൾ ഉണ്ടായി. സ്വാതന്ത്ര്യാനന്തരം ഇന്ത്യക്കു വലിയ ഒരു തലവേദനയായിത്തീർന്ന ശ്രീലങ്കയിലെ പൗരത്വമില്ലാത്ത ഇന്ത്യൻ തൊഴിലാളികൾ കങ്കാണിസമ്പ്രദായത്തിന്റെ ഉപോല്പന്നങ്ങളാണ്. 1938–ൽ കങ്കാണിസമ്പ്രദായവും നിറുത്തലാക്കപ്പെട്ടു.

1940–കൾവരെ ഇന്ത്യയിൽനിന്ന് ഈ ബ്രിട്ടീഷ് അധീനപ്രദേശങ്ങളിലേക്കു കൂലിക്കാരുടെയും ഇടത്തരം ജോലിക്കാരുടെയും കുടിയേററം വളരെ ചെറിയതോതിൽ തുടർന്നു. ഇവരുടെ പ്രയത്നം ഇവർ കുടിയേറിയ പ്രദേശങ്ങളെ സമ്പന്നങ്ങളാക്കിയെങ്കിലും, ഇവരിലധികംപേരും മലമ്പനി മുതലായ രോഗങ്ങൾകൊണ്ടും ദാരിദ്ര്യംകൊണ്ടും കഠിനാദ്ധ്വാനംകൊണ്ടും കഷ്ടപ്പെട്ട് ഉടൽ വെടിയുകയാണുണ്ടായത്. പക്ഷേ, ഇവരോടൊപ്പം ഈ പ്രദേശങ്ങളിലെത്തിയ ഇന്ത്യൻകച്ചവടക്കാരും പണമിടപാടുകാരും കോൺട്രാക്ടർമാരും അഭിവൃദ്ധിപ്പെട്ടു. അപൂർവം ചില ഇന്ത്യക്കാർക്ക് അതാതിടങ്ങളിലെ സർക്കാർജോലികളിൽ കയറിപ്പററാനും ഭാഗ്യമുണ്ടായി.

സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ ഇന്ത്യയിൽനിന്ന് മറുനാടുകളിലേക്കുള്ള കുടിയേററത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായി. 1945–ൽ മുപ്പത്തൊന്നു ലക്ഷം ഇന്ത്യാക്കാരാണത്രേ ഇന്ത്യയ്ക്കു വെളിയിലുണ്ടായിരുന്നത്. ഇവരിൽ മുപ്പതുലക്ഷവും മുൻ ബ്രിട്ടീഷ് കോളനികളിലും, കഷ്ടിച്ച് അമ്പതിനായിരം പേർ അമേരിക്ക, ബ്രിട്ടൻ, കാനഡ മുതലായ രാജ്യങ്ങളിലുമായിരുന്നു. മറുനാടുകളിലെ ഇന്ത്യാക്കാരിൽ എൺപതു ശതമാനവും ദരിദ്രരായ കർഷകത്തൊഴിലാളികളായിരുന്നു.

1946–നു ശേഷം ഇന്ത്യയിൽനിന്നു മറുനാടുകളിലേക്കുള്ള കുടിയേററത്തിന്റെ സംരചനയിൽ ഗണ്യമായ മാററംവന്നു. തൊട്ടുകിടക്കുന്ന ഉത്തർപ്രദേശ്, ബീഹാർ, ബംഗാൾ എന്നിവിടങ്ങളിൽനിന്ന് നേപ്പാളിലേക്ക് വൻതോതിൽ കർഷകത്തൊഴിലാളികളുടെ കുടിയേററമുണ്ടായി. ഇപ്പോൾ നേപ്പാളിലെ ഒന്നരക്കോടി വരുന്ന ജനസംഖ്യയിൽ മുപ്പത്തിരണ്ടു ലക്ഷത്തോളം ഇന്ത്യാക്കാരാകുന്നു.

ഇക്കഴിഞ്ഞ മുപ്പത്തഞ്ചു വർഷങ്ങളിൽ പതിനേഴുലക്ഷത്തോളം ഇന്ത്യക്കാർ മറുനാടുകളിലേക്കു കുടിയേറിയിട്ടുണ്ട്. ഇവരിൽ ഏഴരലക്ഷത്തോളം ഇന്ത്യാക്കാർ വികസിതരാജ്യങ്ങളിലെ പൗരന്മാരോ, സ്ഥിരം പാർപ്പുകാരോ ആയിരിക്കുന്നു. വികസിതരാജ്യങ്ങളിൽ പൗരത്വംനേടിയ ഇന്ത്യാക്കാരുടെ നാല്പതു ശതമാനത്തോളം ബ്രിട്ടനിലും, ഇരുപത്തെട്ടു ശതമാനത്തോളം അമേരിക്കയിലും, പതിന്നാലു ശതമാനത്തോളം കാനഡയിലും, പതിനൊന്നു ശതമാനത്തോളം പടിഞ്ഞാറൻ യൂറോപ്പിലും, അഞ്ചുശതമാനത്തോളം ആസ്ത്രേലിയയിലുമാണ്. 1971–നുശേഷം ബ്രിട്ടനിലേക്ക് കുടിയേറാനുള്ള ഇന്ത്യാക്കാരുടെ സാദ്ധ്യതകൾ മിക്കവാറും ഇല്ലാതായിരിക്കുന്നു. 1960–കളിൽ അമേരിക്കയിലേക്കുള്ള മറുനാടൻ കുടിയേററക്കാരുടെ ഒരു ശതമാനമായിരുന്നു ഇന്ത്യാക്കാർ; 1970–കളിൽ ഇവർ നാലുശതമാനമായി വർധിച്ചു.

ഇന്ത്യൻ കുടിയേററക്കാരിൽ വളരെ വലിയ ഒരു സംഖ്യ ആകെ

ഒമ്പതര ലക്ഷത്തോളം—ഇപ്പോൾ ഗൾഫ് പ്രദേശം അടങ്ങുന്ന പടിഞ്ഞാറെ ഏഷ്യയിലാണ്. നിശ്ചിത കാലത്തോളം ജോലിചെയ്യാമെന്ന കരാറിൽ എത്തിയവരാണ് ഇവരിലധികവും. ഇന്നോ നാളെയോ തിരിച്ചുപോരേണ്ടവരുമാണ് ഇവർ. ഹോങ്കോങ്, ഇറാൻ, ന്യൂസിലൻഡ്, നൈജീരിയ തുടങ്ങിയ ആഫ്രിക്കൻരാജ്യങ്ങൾ, ബ്രസീൽ മുതലായ പ്രദേശങ്ങളിലായി എഴുപതിനായിരത്തോളം ഇന്ത്യൻവ്യാപാരികളും ഡോക്ടർ, എൻജിനീയർ തുടങ്ങിയ ഉയർന്ന പ്രൊഫഷനുകളിലേർപ്പെട്ടവരും ഉണ്ടത്രേ. എല്ലാംകൂടി അമ്പത്തഞ്ചു ലക്ഷത്തോളം (നേപ്പാൾ ഒഴിവാക്കിയാൽ ഇരുപത്തേഴ ലക്ഷത്തോളം) ഇന്ത്യാക്കാർ 1981–ൽ മറുനാടുകളിൽ ജീവിച്ചിരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻജനസംഖ്യയുടെ ഒരു ശതമാനത്തിലും വളരെ താഴെയാണ് ഇന്ത്യൻപ്രവാസികളുടെ സംഖ്യ. അതിനാൽ മററു രാജ്യങ്ങളിലേക്കുള്ള കുടിയേററം ഇന്ത്യൻജീവിതത്തിൽ ഗണ്യമായ സ്വാധീനം ചുമത്തുന്നതായി കരുതപ്പെടുന്നില്ല.

രണ്ടാം മഹായുദ്ധത്തിനുമുമ്പ് ഇന്ത്യയിൽനിന്ന് ബ്രിട്ടീഷ് കോളനികളിലേക്കു കുടിയേറിപ്പാർത്തിരുന്നവരധികവും പരമദരിദ്രരായ കർഷകത്തൊഴിലാളികൾ ആയിരുന്നു; ദാരിദ്ര്യത്തിൽനിന്നു രക്ഷപ്പെടലായിരുന്നു അവരുടെ കുടിയേറിപ്പോക്കിന്റെ ലക്ഷ്യം. ഇവരിൽ കൂടുതൽ പേരും നിരക്ഷരരുമായിരുന്നു. പക്ഷേ, സ്വാതന്ത്ര്യാനന്തരത്തിൽനിന്ന് നേപ്പാൾ ഒഴികെയുള്ള വിദേശങ്ങളിലേക്ക് കുടിയേറിപ്പോകുന്നവരിൽ വളരെ വലിയ ഒരു ശതമാനം നല്ല വിദ്യാഭ്യാസയോഗ്യത നേടിയ എൻജിനീയർമാർ, ഡോക്ടർമാർ, ശാസ്ത്രജ്ഞന്മാർ, മാനേജർമാർ മുതലായ വിദഗ്ധതൊഴിലാളികളാണ്. ദാരിദ്ര്യമോചനമല്ല, വേറെ ചിലതാണ് ഇവരുടെ കുടിയേററത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ.

സമ്പന്നരാജ്യങ്ങളിലേക്കു വിദഗ്ധരുടെ കുടിയേറിപ്പാർപ്പിനെയാണ് 'തലച്ചോർ വാർച്ച' എന്നു പറയുന്നത്. വിദഗ്ധർ കുടിയേറിപ്പോകുമ്പോൾ, അവരിൽ ഓരോരുത്തരേയും പരിശീലിപ്പിച്ചെടുക്കുന്നതിന് ദരിദ്രരായ നമ്മുടെ രാജ്യം ചിലവഴിച്ച വൻതുകകൾ നമുക്കു നഷ്ടപ്പെടുന്നു. ഇന്ത്യയിൽനിന്നു കുടിയേറിപ്പോയ വിദഗ്ധരിൽ പകുതിയും ചെന്നു പാർക്കുന്നത് അമേരിക്കയിലാണെന്നു കാണുന്നു. അങ്ങനെ ഇന്ത്യയുടെ നഷ്ടം അമേരിക്കയുടെ ലാഭമായിത്തീരുന്നു. ഗൾഫ്പ്രദേശങ്ങളിലേക്കും, ആഫ്രിക്കൻരാജ്യങ്ങളിലേക്കും മററും കുടിയേറിയവരുടെ ഉന്നം, കുറച്ചുസമയംകൊണ്ട് കൂടുതൽ പണം സമ്പാദിച്ച് നാട്ടിലേക്കു കടത്തുകയാണ്. അതിനാൽ ഇവരുടെ സമ്പാദ്യത്തിൽ ഗണ്യമായ ഒരംശം ഇന്ത്യയ്ക്കു ലഭിക്കുന്നു. 1980–ൽ മറുനാടുകളിലേക്കു സാധനങ്ങൾ കയററിയയച്ച് ഇന്ത്യ നേടിയ വിദേശനാണ്യത്തിന്റെ മുപ്പതുശതമാനത്തോളം പോന്ന ഒരു തുക, വിദേശത്തൊഴിലാളികളുടെ പണം അടവായി ഇന്ത്യയ്ക്കു ലഭിക്കുകയുണ്ടായി. നമ്മുടെ വിദേശവ്യാപാരക്കമ്മി നികത്തുന്നതിന് ഈ പണം ഉപകരിക്കുകയുംചെയ്തു. ഗൾഫ്പ്രദേശത്തു പണിയെടുക്കുന്ന ഇന്ത്യക്കാരുടെ സമ്പാദ്യത്തിൽ മൂന്നിലൊന്നു മുതൽ പകുതിവരെയുള്ള ഒരു തുക ഇന്ത്യയിലേക്ക് അയയ്ക്കപ്പെടുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ബ്രിട്ടനിൽ പാർക്കുന്ന ഇന്ത്യക്കാർ തങ്ങളുടെ വരുമാനത്തിന്റെ പതിനെട്ടു ശതമാനമേ മിച്ചം വയ്ക്കുന്നുള്ളു; ആ മിച്ചത്തിന്റെ മൂന്നിലൊന്ന് (ആകെ സമ്പാദ്യത്തിന്റെ ആറുശതമാനം) മാത്രമേ അവർ ഇന്ത്യയിലേക്ക് അയയ്ക്കുന്നുമുള്ളു. അമേരിക്കയിലും കാനഡയിലുമുള്ള ഇന്ത്യാക്കാരിൽ അധികംപേരും പൗരത്വം നേടി ആ രാജ്യങ്ങളിൽ സ്ഥിരമായി താമസിക്കാനാഗ്രഹിക്കുന്നവരാണ്. അതിനാൽ അവരുടെ സമ്പാദ്യം ഏതാണ്ട് പൂർണമായും അമേരിക്കയിലും

കാനഡയിലും നിക്ഷേപിക്കപ്പെടുന്നു. ഇന്ത്യയ്ക്ക് അവരെക്കൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടോ എന്നു സംശയമാണ്. ഇതിനർത്ഥം, ഇന്ത്യയിൽനിന്നു പുറത്തുപോകുന്ന വിദഗ്ധരിൽ പകുതിയെങ്കിലും ഇന്ത്യയിലേക്കു തിരിച്ച് യാതൊന്നും സംഭാവനചെയ്യുന്നില്ല എന്നാണ്.

ഇന്ത്യയിൽനിന്നുള്ള വിദഗ്ധതൊഴിലാളികളുടെ കുടിയേറ്റം 'തലച്ചോർവാർച്ച'യല്ല എന്നൊരു പക്ഷവുമുണ്ട്. ഇവർ കുടിയേറിപ്പോയ വർഷങ്ങളിൽ, ഇന്ത്യയിൽ ജോലി ലഭിക്കാതെ എംപ്ളോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർചെയ്തു കാത്തിരുന്ന, ഇതേ യോഗ്യതകളുള്ളവരുടെ എണ്ണം ഇവരുടെ എണ്ണത്തേക്കാൾ വളരെക്കൂടുതലായിരുന്നു. ഇതിനർത്ഥം, കുടിയേറിപ്പോകാതിരുന്നാൽ ഇവർ (അല്ലെങ്കിൽ ഇത്രയും എണ്ണംതന്നെ മററുള്ളവർ)ഇന്ത്യയിൽ തൊഴിലില്ലാതെ ഇരിക്കേണ്ടിവരുമായിരുന്നു എന്നാണല്ലോ. അതിനാൽ, ഇവരുടെ നഷ്ടം രാജ്യത്തിൻെറ നഷ്ടത്തെ വർധിപ്പിച്ചിട്ടില്ല. ഇതു തലച്ചോർവാർച്ചയാണെങ്കിൽത്തന്നെ, ഇവർ കുടിയേറിപ്പോകാതിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന നിർബ്ബന്ധിതമായ 'തലച്ചോർ പ്രവൃത്തിരാഹിത്യ'ത്തേക്കാൾ ഈ തലച്ചോർവാർച്ച അഭിലഷണീയമാണെന്ന വാദത്തിൽ യുക്തിയില്ലായ്കയില്ല. എന്നാൽ, സർക്കാർ തൊഴിൽ നൽകാതിരുന്നാൽ ഇവരിൽ ചിലരെങ്കിലും സ്വന്തമായി തൊഴിലുകൾ കണ്ടെത്തുമായിരുന്നു. ഇവർ കുടിയേറിപ്പോയതോടെ ഇന്ത്യയ്ക്ക് എത്രയോ തൊഴിലവസരനിർമാതാക്കൾ (വ്യവസായനേതാക്കൾ) നഷ്ടപ്പെട്ടിരിക്കുന്നു. ഇതു് രാജ്യത്തിൻെറ സാമ്പത്തികപുരോഗതിയെ ബാധിച്ചിട്ടില്ലെന്ന് ആർക്കും പറയാനാവില്ല.

ഇന്ത്യയിൽ ചില പ്രദേശങ്ങളിലുള്ളവർ വിദേശങ്ങളിലേക്കുള്ള കുടിയേററക്കാര്യത്തിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. ബ്രിട്ടനിലും കാനഡയിലും അമേരിക്കയിലും എത്തിച്ചേർന്നിട്ടുള്ള ഇന്ത്യക്കാരിൽ വലിയ ഒരു വിഭാഗം പഞ്ചാബികളാണ്. ആഫ്രിക്കയിലും മററും എത്തി വാണിജ്യത്തിലും വ്യവസായത്തിലും ഉയർന്നുവന്നിട്ടുള്ളവരിൽ ഗുജറാത്തികളാണ് എണ്ണപ്പെട്ടവർ. ഗൾഫ് പ്രദേശത്തേക്കുള്ള കുടിയേററക്കാരിൽ മലയാളികൾ മുന്നിട്ടുനില്ക്കുന്നു.

മലയാളികളായ കുടിയേററക്കാർ ഗൾഫ്പ്രദേശത്തുനിന്ന് അയച്ച പണം ഏറെക്കുറെ മുഴുവനും ഭൂമി വാങ്ങാനും കെട്ടിടംകെട്ടാനും കുട്ടികളെ പഠിപ്പിക്കാനും മററുമായി ചെലവഴിക്കുകയാണ് കേരളത്തിലുള്ള അവരുടെ ബന്ധുക്കൾ ചെയ്തതു്. ഗൾഫിൽനിന്ന് കേരളത്തിലേക്ക് ഒഴുകിയ പണത്തിൽ അഞ്ചുശതമാനം മാത്രമാണ് കമ്പനികളുടെ ഷെയറുകളും ബോണ്ടുകളും മററും വാങ്ങാനും, വ്യാപാരമൂലധനമായും നിക്ഷേപിക്കപ്പെട്ടിട്ടുള്ളതു്. ഉപഭോഗത്തിനുള്ള പണച്ചെലവു വർധിച്ചതുനിമിത്തം കേരളത്തിൽ ഭൂമിയുടെ വില കണക്കററു പെരുകുകയുണ്ടായി. 1973 മുതലുള്ള പത്തു വർഷങ്ങൾക്കുള്ളിൽ സാധനമൊത്തവില ഇരട്ടിയായി മാത്രം ഉയർന്നപ്പോൾ ആശാരിമാരുടേയും കല്പണിക്കാരുടേയും കൂലി നാലിരട്ടിയായി ഉയർന്നതു് കേരളത്തിൽ ഗൾഫ്പണത്തിൻെറ ഉപഭോഗത്തിൽവന്ന വർധനയുടെ ഒരു ഫലമാണെന്നു പറയപ്പെടുന്നു. ഗൾഫ്സമ്പന്നത കേരളീയരുടെ ഉപഭോഗസമ്പ്രദായങ്ങളിലും അഭിലഷണീയമല്ലാത്ത പല മാററങ്ങളും വരുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ആകെ നിർമ്മിക്കുന്ന സിഗരററിൽ പതിനെട്ടുശതമാനത്തോളം ഇപ്പോൾ കേരളത്തിലാണത്രേ വിററുവരുന്നതു്. ഇന്ത്യയിലുണ്ടാക്കുന്ന 'വിദേശ' മദ്യങ്ങൾ, പൗഡർ, സോപ്പ് തുടങ്ങിയ പ്രസാധനവസ്തുക്കൾ മുതലായവയ്ക്കും കേരളം നല്ല മാർക്കററായിട്ടുണ്ട്. കാറുകളുടെ സമൃദ്ധിയാണ് കേരളത്തിൽ ഗൾഫ്സമ്പന്നതയുടെ മറെറാരു സൂചിക.

# ഇന്ത്യയ്ക്കു പുറമെ ഇന്ത്യക്കാർ—1981

| രാജ്യം | ആകെ ജനസംഖ്യ ആയിരം | ഇന്ത്യക്കാർ (ഇന്ത്യൻ വംശജരും) (ആയിരം) | ശതമാനം |
|---|---|---|---|
| ആസ്ട്രേലിയ | 14930 | 68 | 0.23 |
| ബഹ്റൈൻ | 360 | 97 | 13 89 |
| ബർമ | 35,100 | 51 | 2 99 |
| കാനഡ | 24,300 | 250 | 0.58 |
| എത്യോപ്യ | 32,750 | 5 | 0.02 |
| ഫിജി | 650 | 325 | 50.00 |
| ഗ്രെനേഡ | 110 | 4 | 4 00 |
| ഗയാന | 880 | 449 | 51 02 |
| ഹോങ്കോങ് | 5,150 | 26 | 0.27 |
| ഇൻഡോനേഷ്യ | 1,53,850 | 40 | 0.03 |
| ഇറാക്ക് | 13,670 | 88 | 0.32 |
| ജമൈക്ക | 2,200 | 44 | 2 00 |
| കെനിയ | 17,340 | 120 | 0 58 |
| കുവൈത്ത് | 1,470 | 235 | 16 33 |
| ലാവോസ് | 4,000 | 2 | 0 05 |
| ലിബിയ | 3,100 | 175 | 2 84 |
| മഡഗാസ്കർ | 8,960 | 15 | 0 17 |
| മലാവി | 6,110 | 15 | 0.25 |
| മലേഷ്യ | 14,200 | 1550 | 8 45 |
| മൊറീഷ്യസ് | 940 | 649 | 69 00 |
| നേപ്പാൾ | 15,020 | 5980 | 21 30 |
| നൈജീരിയ | 83,310 | 40 | 0 02 |
| ഒമാൻ | 910 | 171 | 10.66 |
| ഫിലിപ്പൈൻസ് | 49,540 | 4 | 10 66 |
| ഖത്തർ | 260 | 87 | 16 92 |
| സൗദിഅറേബ്യ | 9,630 | 366 | 1.91 |
| സിംഗപ്പൂർ | 2,440 | 215 | 6 72 |
| തെക്കേആഫ്രിക്ക | 29,300 | 800 | 2.73 |
| ശ്രീലങ്ക | 14,990 | 3,004 | 18.48 |
| സുരിനാം | 360 | 133 | 36 90 |
| താൻസാനിയ | 19,160 | 55 | 0 26 |
| തായ്‌ലാൻഡ് | 47,490 | 25 | 0.05 |
| ട്രിനിഡാഡ് | 1,110 | 440 | 39 63 |
| യു.എ ഇ. | 1,060 | 864 | 41 89 |
| ബ്രിട്ടൻ | 56,350 | 920 | 0 89 |
| അമേരിക്ക | 2,29,850 | 604 | 0.18 |
| യെമൻ | 5,300 | 10 | 0.09 |
| സൈർ | 29,380 | 9 | 0.02 |
| സാംബിയ | 5,830 | 18 | 0.17 |
| സിംബാബ്വേ | 7,360 | 18 | 0.14 |
| മററു രാജ്യങ്ങൾ | [illegible] | 130 | [illegible] |

തങ്ങൾ കുടിയേറിയ രാജ്യങ്ങളുടെ ഭൗതികമോ ആധ്യാത്മികമോ ആയ ജീവിതത്തിൽ ഇന്ത്യക്കാർ എന്തു പ്രഭാവമാണു ചെലുത്തുന്നതു്? യോഗാഭ്യാസം, പൗരസ്ത്യദർശനങ്ങൾ എന്നിവയിൽ പാശ്ചാത്യർക്കു് ഈയിടെ കണ്ടുവരുന്ന വർധിച്ച താല്പര്യത്തിനു് ഇന്ത്യൻ കുടിയേററക്കാർ എന്തെങ്കിലും സംഭാവന നൽകിയിട്ടുള്ളതായി തോന്നുന്നില്ല. ആകൃതി കൊണ്ടു് ഇന്ത്യക്കാരെങ്കിലും ശിക്ഷണംകൊണ്ടും മനോഭാവംകൊണ്ടും പാശ്ചാത്യരേക്കാൾ കടുത്ത പാശ്ചാത്യരാണു് ഈ കുടിയേററക്കാരിലധി കവും. ഇന്ത്യയുടെ പൈതൃകത്തെപ്പററി അഭിമാനമോ, ദർശനങ്ങളിൽ അവഗാഹമോ ഉള്ളവർ അവർക്കിടയിൽ വളരെ കുറവാണു്. ഐതിഹാ സികമായ 'ഇന്ത്യൻ ആധ്യാത്മികത'യ്ക്കെതിരെ ഫലപ്രദമായി ഉദ്ധരി ക്കാവുന്ന വിപരീതദൃഷ്ടാന്തങ്ങളാണു് ഇവരിൽ ഭൂരിഭാഗവും—ശുദ്ധ ഭൗതികവാദികൾ!

പാശ്ചാത്യരാജ്യങ്ങളിൽ ഇന്ത്യൻ കുടിയേററക്കാരുടെ സാംസ്കാരിക സ്വാധീനം ഏറെക്കുറെ നിഷേധാത്മകമായിരിക്കാനേ വഴി കാണു ന്നുള്ളൂ.

ഈ ലേഖനത്തിലെ ചില വസ്തുതകൾക്കു് ഫെബ്രുവരി 17–ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തോടു ഞാൻ കടപ്പെട്ടിരിക്കുന്നു.

1 മാർച്ച്, 1985

# 39. ഗൾഫ് മലയാളികൾ

1984 നവംബർ 25 മുതൽ ഡിസംബർ 3 വരെ, പത്തു ദിവസം ഞങ്ങൾ അറേബ്യൻ–ഗൾഫ് പ്രദേശങ്ങളിൽ പര്യടനം നടത്തുകയുണ്ടായി. മലയാളികളായ എത്രയോ പേർ ഈ പ്രദേശങ്ങളിൽ ജീവിച്ചുവരു ന്നുണ്ടു്. അവരുമായി ബന്ധപ്പെട്ടു. ദുബായ്, ഷാർജ, അബുദാബി, ബഹ്റൈൻ എന്നീ സ്റ്റേററുകൾമാത്രമേ ഞങ്ങൾ സന്ദർശിച്ചുള്ളു. സമയ പരിമിതിയും, വിസ ലഭിക്കുന്നതിനുള്ള പ്രയാസവും നിമിത്തം, മററു സ്റ്റേററുകളിലെ മലയാളിസുഹൃത്തുക്കളെ കാണാതെതന്നെ ഞങ്ങൾക്കു മടങ്ങേണ്ടിവന്നു. എങ്കിലും ചെന്ന സ്ഥലങ്ങളിലെല്ലാം മലയാളികൾ സംഘടിപ്പിച്ച യോഗങ്ങളിലും സൽക്കാരങ്ങളിലും പങ്കെടുക്കുന്നതിനു് ഞങ്ങൾക്കു് അവസരം ലഭിച്ചു. എത്രയോ മലയാളികളുടെ കടകളും തൊഴിൽസ്ഥാപനങ്ങളും പാർപ്പിടങ്ങളും ഞങ്ങൾ പോയി കണ്ടു. ഈ സ്ഥലങ്ങളിൽവെച്ചും, പൊതുസ്ഥലങ്ങളിൽവെച്ചും, വളരെയധികം മലയാളികളുമായി ഞങ്ങൾ പരിചയപ്പെട്ടു. അവരുടെ സ്വന്തം പ്രശ്ന ങ്ങളെക്കുറിച്ചും, ഗൾഫ്മലയാളികളുടെ പൊതുപ്രശ്നങ്ങളെക്കുറിച്ചും നീണ്ട ചർച്ചകളിൽ പങ്കെടുക്കുകയുംചെയ്തു. ദുബായിലും ബഹ്റൈനി ലുമുള്ള പത്രസ്ഥാപനങ്ങൾ ഞങ്ങൾ ചെന്നു കാണുകയും, അവയിലെ പ്രവർത്തകരുമായി സംസാരിക്കുകയുംചെയ്തു. ഈ രണ്ടു സ്റ്റേററുകളിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയങ്ങളുമായും ഞങ്ങൾ ബന്ധംപുലർത്തി. ബഹ്റൈൻ ഗവണ്മെൻറിൻെറ വാർത്താവിതരണവിഭാഗത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനേയും ഞങ്ങൾ കാണുകയുണ്ടായി. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ച വായനക്കാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും മനസ്സിലാക്കുന്നതിനുപുറമേ, ഗൾഫ്പ്രദേശങ്ങളിൽ പാർക്കുന്ന എട്ടു ലക്ഷത്തോളം ഇന്ത്യൻ പൗരന്മാരുടെ സുഖനിമിഷങ്ങളിൽ